# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3767** 15-05-2017-ൽ
മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. ടി. എ. അഹമ്മദ് കബീർ<br>ഡോ. എം. കെ. മുനീർ<br>ശ്രീ. പി. കെ.അബ്ദുറബ്ബ് | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കേന്ദ്രം സംസ്ഥാനത്ത് അനുവദിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | എ) കേന്ദ്രം സംസ്ഥാനത്ത് അനുവദിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ സ്ഥാപനത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനും, കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നിബന്ധനകൾക്ക് അനുസരിച്ചുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതിനും കേന്ദ്ര സർക്കാർ അനുശാസിക്കുന്ന അനുപാതത്തിലുള്ള സംസ്ഥാന വിഹിതം കൃത്യമായി |

| | |
|---|---|
| | അനുവദിക്കുന്നതിനും വ്യക്തമായ മാർഗരേഖയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് സ്ഥാപിക്കപ്പെട്ട ഐ.ഐ.റ്റി-യുടെ പശ്ചാത്തല വികസനത്തിനായുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടത്തിവരുന്നു. |
| ബി) കേന്ദ്രം അനുവദിച്ച പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സംസ്ഥാനത്തിന് നഷ്ടപ്പെട്ടതിന്റെ കാരണങ്ങൾ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | ബി) & സി) സംസ്ഥാന സർക്കാറിന്റെ ഇടപെടലിന്റെ അഭാവം കാരണം കേന്ദ്രം അനുവദിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേതെങ്കിലും സംസ്ഥാനത്തിന് നഷ്ടപ്പെട്ടതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| സി) ഭാവിയിൽ ഇത്തരം പ്രതിസന്ധികൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**